സ്ഥിതിവിശേഷം ആ വ്യവസ്ഥയിലുണ്ട്. അതുകൊണ്ട് അദ്ദേഹം പറഞ്ഞ സജഷൻ പഞ്ചായത്തുകളിൽ ലൈസൻസ് കൊടുക്കുമ്പോഴും ആ പായിൻറിലാണോ ടാക്സേഷൻ വേണ്ടത്, അസംസ്കൃത പദാർത്ഥങ്ങളിലാണോ ടാക്സേഷൻ വേണ്ടത്, കോൺട്രാക്ടറുടെ കയ്യിൽ നിന്നും ലെവി പിരിക്കുകയാണോ, തൊഴിലാളികളിൽ നിന്നു പിരിക്കുകയാണോ വേണ്ടത് ഇങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി വളരെ വിശദമായി ഗവൺമെൻറ് പഠിച്ചു കൊണ്ടിരിക്കുകയാണ്. എത്രയും വേഗം ഈ പഠനം പൂർത്തിയാക്കി വയബിളായ സ്കീം നടപ്പിലാക്കാൻ കഴിയുമെന്ന് ബോദ്ധ്യമാകുകയാണെങ്കിൽ അവർക്ക് ഒരു വെൽഫെയർ സ്കീം ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുന്നതിനെപ്പറ്റി ഗവൺമെൻറ് ആലോചിച്ച് തീരുമാനം എടുക്കുന്നതായിരിക്കും.

ശ്രീ. എ. സി. ജോസ് : റിപ്പോർട്ട് നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് വളരെ ശ്രദ്ധാപൂർവ്വം പഠിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ഒരു ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെൻറ് തയ്യാറാണെന്നറിഞ്ഞതിലും സന്തോഷമുണ്ട്. അതോടൊപ്പം റിപ്പോർട്ട് തയ്യാറാക്കുന്നതിനു മുൻപ് ഇതുമായി ബന്ധപ്പെട്ട തൊഴിലാളികളേയും ബന്ധപ്പെട്ട ആളുകളേയും വിളിച്ച് ചർച്ച നടത്തി ഇക്കാര്യത്തിൽ ആവശ്യമായ ഭേദഗതികൾ സ്വീകരിച്ചു കൊണ്ട് ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. കെ. ശിവദാസൻ : ഫൈനൽ തീരുമാനം ആകുന്നതിനു മുൻപ് ബന്ധപ്പെട്ട എല്ലാ ആളുകളേയും വിളിച്ചുകൂട്ടി ചർച്ച നടത്തുന്നതാണ്.

III സബ്മിഷൻ

(1) കണ്ണൂരിലനുവദിച്ച ഫിഷറീസ് ഡിസ്പെൻസറി

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടേയും ഉദ്യോഗസ്ഥൻമാരുടേയും മുൻപാകെ നിരവധി തവണ നിവേദനങ്ങൾ നടത്തിയിട്ടും യാതൊരു പ്രയോജനവും ലഭിക്കാത്തതുകൊണ്ടാണ് ഒരു കൂടി താല്പര്യമുള്ള ഒരു കാര്യമാണിത്. കണ്ണൂർ ജില്ലയിൽ മുഴുപ്പിനങ്ങാട്ട് ഒരു ഫിഷറീസ് ഡിസ്പെൻസറി 1979-ൽ അനുവദിച്ചിരുന്നു. നാട്ടുകാർ സ്ഥലവും കെട്ടിടവും നൽകിയിട്ടും കെട്ടിടത്തിൻറെ പണി പൂർത്തിയായിട്ടും രണ്ടുവർഷം കഴിഞ്ഞു. അവിടെ ഇതുവരെ ഒരു ആശുപത്രി തുറന്നു പ്രവർത്തിക്കുന്നതിൽ ഒരു തീരുമാനം ബന്ധപ്പെട്ട വകുപ്പ് എടുത്തു കാണുന്നില്ല. ഒരാശുപത്രി കൊണ്ട് വലിയ ഒരു വിഭാഗം ജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഒട്ടേറെ വർഷങ്ങളായി ജനങ്ങൾക്ക് നിഷേധിക്കപ്പെട്ട ഒരു സാഹചര്യം നിലവിലുണ്ട്; അതിന് അടിയന്തിരമായി പരിഹാരം ഉണ്ടാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇന്നലെ ഈ കാര്യം എൻറെ ശ്രദ്ധയിൽപ്പെടുത്തി. ഞാൻ അതു സംബന്ധിച്ചുള്ള ഫയലുകൾ വരുത്തിനോക്കി. ഒരേക്കർ സ്ഥലവും കെട്ടിടം പണിതും കൊടുക്കണമെന്നാണ് വ്യവസ്ഥ. നിർഭാഗ്യവശാൽ ഈ സ്ഥലം 66.5 സെൻറ് മാത്രമേയുള്ളൂ. ആ കാരണത്താൽ അത് അനുവദനീയമല്ലെന്നാണ് രേഖപ്പെടുത്തിക്കണ്ടത്. എങ്കിലും എക്സംപ്ഷൻ കൊടുത്തുകൊണ്ട് അനുവാദം കൊടുക്കാനും, വൈകാതെ അത് ഉദ്ഘാടനം ചെയ്യാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly